കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

പുസ്തകം 3 | ലക്കം 10 | ആഗസ്റ്റ് 31, 2018

അകത്താളുകളിൽ

2 ഓണത്തിനൊരുമുറം പച്ചക്കറി വിളവെടുപ്പ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

4 പ്രളയാനന്തരം കാർഷിക സർവകലാശാല നൽകുന്ന പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ

## പുനർജ്ജനി പദ്ധതി കർഷകർക്ക്കൈത്താങ്ങാവണം : കൃഷിമന്ത്രി.



പ്രളയാനന്തരം കേരളത്തിന്റെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പുനർജ്ജനി പദ്ധതി കർഷകർക്ക് കൈത്താങ്ങായി മാറണമെന്ന് കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ അഭിപ്രായപ്പെട്ടു. ഇടുക്കിജില്ലയിൽ പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ജില്ലയിൽ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പഞ്ചായത്തായ കൊന്നത്തടി പഞ്ചായത്തിലാണ് പദ്ധതിയ്ക്ക് തുടക്കംകുറിച്ചത്. കൃഷിവകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് 25 ഗ്രൂപ്പുകളായി തിരിഞ്ഞ് തിരഞ്ഞെടുത്ത കൃഷിയിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പിന്നീട് ഈ പദ്ധതി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. കൃഷിയിടങ്ങളിൽ പ്രളയാനന്തരം ചെയ്യേണ്ടുന്ന ശാസ്ത്രീയ കാർഷികരീതികൾ കർഷകരുടെ സാന്നിധ്യത്തിൽ അവരുടെ കൃഷിയിടത്തിൽ ചെയ്തുകാണിച്ച്, കർഷകരെ ബോധവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഓരോ പ്രദേശത്തിനും യോജിച്ച രീതിയിലുള്ള കാർഷിക വിളകൾ കൃഷിക്കായി തിരഞ്ഞെടുക്കണമെന്നും മണ്ണിനെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിച്ചാൽ മണ്ണിൽ നമുക്ക് പൊന്നു വിളയിക്കാമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു.



ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ. ജോയ്സ് ജോർജ്ജ് എം.പി. മുഖ്യപ്രഭാഷണം നടത്തി. കൊന്നത്തടി ഗ്രാമപഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് ശ്രീ. ബോണ സാൻജു , പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ആൻസി ജോൺ എന്നിവർ സംസാരിച്ചു.



# ഓണത്തിനൊരുമുറം പച്ചക്കറി വിളവെടുപ്പ്
# മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

സംസ്ഥാന കൃഷിവകുപ്പ് 70 ലക്ഷം കുടുംബങ്ങളിലായി നടപ്പിലാക്കുന്ന ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി സെക്രട്ടറിയേറ്റ് വളപ്പിലെ തോട്ടത്തിൽ കൃഷിചെയ്തിരുന്ന പച്ചക്കറികൾ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറ്റു മന്ത്രിമാർക്കൊപ്പം ചേർന്ന് വിളവെടുപ്പ് നടത്തി.

രണ്ടുമാസം മുമ്പു തന്നെ പദ്ധതിയുടെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കർഷക സംഘടനകൾ എന്നിവർ വഴി ഒരു ലക്ഷം വിത്തു പായ്ക്കറ്റുകളും 2 കോടി പച്ചക്കറിത്തൈകളും സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തിരുന്നു. സെക്രട്ടറിയേറ്റ് വളപ്പിൽ ജൂൺ 20-നാണ് ഇതിന്റെ ഭാഗമായി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ചേർന്ന് പച്ചക്കറിതൈകൾ നട്ടത്. ഇതിന്റെ വിളവെടുപ്പാണ് ഇന്ന് നിർവഹിക്കപ്പെട്ടത്. സെക്രട്ടറിയേറ്റ് വളപ്പിലെ 15 സെന്റ് തോട്ടത്തിൽ ചീര, വെണ്ട, വഴുതിന,തക്കാളി, പയർ, മുളക് എന്നിവയാണ് കൃഷിചെയ്തത്. വിളയിച്ചെടുത്ത ജൈവപച്ചക്കറികൾ ജീവനക്കാർക്കു തന്നെ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്. വിളവെടുപ്പ് ചടങ്ങിൽ മന്ത്രിമാരായ ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീമതി മേഴ്സിക്കുട്ടിയമ്മ, ശ്രീ. എം.എം. മണി, ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവർ പങ്കെടുത്തു.

## ആർ. ഹേലിക്ക് മിൽമയുടെ ആദരം



ഏഴു പതിറ്റാണ്ടായി കാർഷിക മേഖലയിൽ കാർഷിക പത്രപ്രവർത്തകൻ, നിരീക്ഷകൻ, കാർഷിക വിദഗ്ദ്ധൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മുൻ കൃഷിവകുപ്പു ഡയറക്ടറും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മുൻ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറും ആയിരുന്ന ആർ. ഹേലിക്ക് മിൽമ തിരുവനന്തപുരം മേഖലാ യൂണിയന്റെ ആദരസൂചകമായുള്ള അവാർഡ് ഇന്ന് പ്രഖ്യാപിക്കുകയുണ്ടായി. രാഷ്ട്രീയ – കലാ – സാംസ്കാരിക – സാങ്കേതികമേഖലകളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന വ്യക്തിക്ക് വർഷങ്ങളായി നൽകിവരാറുള്ള 2018–ലെ നന്ദിയോട് രാജൻ സ്മാരക പുരസ്കാരത്തിനാണ് ആർ. ഹേലി ഇത്തവണ അർഹനായത്. സെപ്തംബർ 1–ന് 11 മണിക്ക് കൊല്ലത്ത് സുമംഗലി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന തിരുവനന്തപുരം മേഖലാ യൂണിയന്റെ പൊതുയോഗത്തിൽ വച്ച് വനം–ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു പുരസ്കാരം നൽകുന്നതാണ്. 25000 രൂപയും ഫലകവുമാണ് പുരസ്കാരം. കഴിഞ്ഞ വർഷം ഈ പുരസ്കാരത്തിന് അർഹനായത് മെട്രോമാൻ എന്നറിയപ്പെടുന്ന ശ്രീ. ഇ. ശ്രീധരനാണ്.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേരള കാർഷിക സർവകലാശാല നൽകുന്ന സംഭാവനയുടെ ആദ്യ വിഹിതമായി ഒരു കോടി രൂപയുടെ ചെക്ക് വൈസ് ചാൻസലർ ഡോ .ആർ .ചന്ദ്രബാബു മുഖ്യ മന്ത്രിക്ക് കൈമാറി. കൃഷി മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ, വ്യവസായ മന്ത്രി ശ്രീ. ഇ.പി.ജയരാജൻ, സർവകലാ ശാലാ ഭരണ സമിതിയംഗം ഡോ.ടി.പ്രദീപ് കുമാർ എന്നിവർ സന്നിഹിതരായിരുന്നു.

## ദുരിതാശ്വസ നിധിയിലേയ്ക്ക് സംസ്ഥാന ഭൂവികസന കോർപ്പറേഷന്റെ സംഭാവന



മുഖ്യമന്ത്രിയുടെ ദുരിതാശ്വസ നിധിയിലേയ്ക്ക് സംസ്ഥാന ഭൂവികസന കോർപ്പറേഷൻ ജീവനക്കാരുടെ വകയായി അഞ്ച് ലക്ഷം രൂപയും മാനേജിംഗ് ഡയറക്ടറുടെ വകയായി ഒരു മാസത്തെ ശമ്പളവും സംഭവനയായി നൽകി.

## ദുരിതാശ്വാസം – എഫ്. ഐ. ബി. – ഫൈബർ ക്ലബ്ബ് തുക കൈമാറി

കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ജീവനക്കാരുടെ റിക്രിയേഷൻ സംഘടനയായ ഫൈബർ ക്ലബ്ബ് ഓണാഘോഷത്തിനായി സമാഹരിച്ച കാൽലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി.

# പ്രളയാനന്തരം

## കാർഷിക സർവകലാശാല നൽകുന്ന പൊതുമാർഗ്ഗനിർദ്ദേശങ്ങൾ

- വെള്ളം ഇനിയും ഒഴിഞ്ഞു പോകാതെ വൃക്ഷത്തടങ്ങളിൽ കെട്ടിക്കിടക്കുന്നുവെങ്കിൽ ചെറു ചാലുകൾ എടുത്തു വെള്ളം ഒഴുകി പോകാൻ അനുവദിക്കുക.
- കെട്ടിക്കിടക്കുന്ന ചെളി കട്ടപിടിച്ചു, മണ്ണിലെ വായു സഞ്ചാരം പൂർണമായി തടസ്സപ്പെടാൻ ഇടയാക്കാതെ, അത് ഇളക്കി മാറ്റുകയോ, കൊത്തി കിളച്ചു കൊടുക്കുകയോ വേണം.
- വളരെ കൂടിയ അളവിൽ ചെളി കെട്ടിക്കിടക്കുന്ന കൃഷി ഭൂമിയിൽ സെന്റിന് ഒരു കിലോഗ്രാം എന്ന തോതിൽ കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് വിതറി കൊടുക്കേണ്ടതാണ്.
- ചിലയിടങ്ങളിൽ കൃഷിഭൂമികളിൽ നിന്നു പൊട്ടാഷ് ഒലിച്ചു പോയിരിക്കാൻ സാധ്യതയുള്ളതിനാൽ മണ്ണ് പരിശോധന നടത്തി ആവശ്യമായ പൊട്ടാഷ് വളങ്ങൾ നൽകുക.
- അടുത്ത വിളക്കു മുൻപായോ, ഏറ്റവും അടുത്ത സന്ദർഭത്തിൽ തന്നെയോ മണ്ണുപരിശോധന നടത്തേണ്ടതാണ്. അതിൻപ്രകാരമുള്ള പരിപാലന മുറകൾ അവലംബിക്കേണ്ടതാണ്.
- തുടർച്ചയായുള്ള മഴ മൂലം വിളകളിൽ കുമിൾ രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഇതിൽ ഫൈറ്റോഫ്തോറ കുമിളിന്റെ ആക്രമണം പ്രത്യേകം ശ്രദ്ധിക്കുക. ഗുരുതരമായി രോഗം ബാധിച്ച ചെടികൾ പിഴുതുമാറ്റി നശിപ്പിക്കുകയും മറ്റുള്ളവയിൽ രോഗം പടരുന്നത് തടയാനായി നീർവാഴ്ച്ചയും വായു സഞ്ചാരവും ഉറപ്പുവരുത്തുകയും ചെയ്യണം.



രോഗബാധ ഇനിയും ഉണ്ടാകാത്ത വിളകളിൽ സ്യൂഡോമോണാസ്, ട്രൈക്കോഡെർമ എന്നീ ജൈവസസ്യസംരക്ഷണ ഉപാധികൾ സ്വീകരിക്കേണ്ടതാണ്.



### നെല്ല്

- ചെനപ്പ് പൊട്ടിക്കൊണ്ടിരിക്കുന്ന പ്രായമെങ്കിൽ, ഏക്കർ ഒന്നിന് 20 കിലോ യൂറിയ, 10 കിലോ പൊട്ടാഷ് എന്നിവ വിതറി കൊടുക്കണം.
- ടീഫോളിയാർ 5 ഗ്രാം /ലിറ്റർ ചിനപ്പ് പൊട്ടുമ്പോഴും കതിരിടുമ്പോഴും സ്പ്രേ ചെയ്യുന്നത് ഉത്തമം.
- പോളകരിച്ചിൽ, ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ മുതലായ രോഗങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്. പ്രതിവിധിയായി പോളരോഗത്തിനു ട്രൈഫ്ളോക്സിസ്ട്രോബിനും (trifloxistrobin) ടെബുകൊനസോളും (tebuconazole) 0.4 മില്ലി/ലിറ്റർ എന്ന തോതിൽ തളിക്കേണ്ടതാണ്.
- ബാക്റ്റീരിയമൂലമുള്ള ഇല കരിച്ചിലിനു ചാണക വെള്ളത്തിന്റെ തെളി 2 ശതമാനം (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളി) സ്പ്രേ ചെയ്യുക.



### കുരുമുളക്

- കൊടിയുടെ കടഭാഗത്തെ വെള്ളം നല്ലവണ്ണം വാർത്ത് കളഞ്ഞ്, ചെടി ഒന്നിന് അരകിലോ വീതം കുമ്മായം വിതറി കൊടുക്കേണ്ടതാണ്.
- കുമ്മായം ഇട്ട് രണ്ടാഴ്ചക്കു ശേഷം ചെടി ഒന്നിന് പത്തു കിലോ എന്ന തോതിൽ ജൈവ വളം നൽകേണ്ടതാണ്. ശുപാർശ ചെയ്തിട്ടുള്ള എൻ.പി.കെ. വളങ്ങൾ 50:50:200 എന്ന തോതിൽ നൽകേണ്ടതാണ്

- മേൽപ്പറഞ്ഞ വളങ്ങൾ ഒരു വർഷം പ്രായമായ വള്ളികൾക്ക് മൂന്നിൽ ഒരു ഭാഗവും, രണ്ടുവർഷം പ്രായമായവയ്ക്കു മൂന്നിൽ രണ്ടു ഭാഗവും, മൂന്നുവർഷവും അതിനുമുകളിലും പ്രായമായവക്ക് മുഴുവൻ അളവിലും നൽകേണ്ടതാണ്.
- ബോർഡോമിശ്രിതം 1% വീര്യത്തിൽ ചെടികളിൽ സ്പ്രേ ചെയ്യണം. കൂടാതെ 0.4% കോപ്പർ ഓക്സിക്ലോറൈഡ് (Copper Oxychloride) ചെടികളുടെ കട ഭാഗത്ത് ഒഴിച്ച് കൊടുക്കണം



## ജാതി



- ഇലകളിൽ ചെളി അടിഞ്ഞു കൂടിയിട്ടുണ്ടെങ്കിൽ വെള്ളം സ്പ്രേ ചെയ്ത് ചെളികളയാൻ സാധിക്കുമെങ്കിൽ നന്നായിരിക്കും.
- ചെടികളുടെ കട ഭാഗത്ത് കുമ്മായം 250- 500ഗ്രാം ചെടി ഒന്നിന് എന്ന തോതിൽ വിതറി കൊടുക്കണം.
- ഇല പൊഴിച്ചിൽ / ഇലപുള്ളി രോഗം ഉണ്ടെങ്കിൽ 0.2 ശതമാനം വീര്യത്തിൽ കോപ്പർ ഹൈഡ്രോക്സൈഡ് തളിച്ചു കൊടുക്കണം

## വാഴ

- ചെടികളുടെ കട ഭാഗത്ത് വന്നടിഞ്ഞ ചെളി ഇളക്കി മാറ്റി മണ്ണ് നല്ലവണ്ണം ഇളക്കി കൊടുക്കേണ്ടതാണ്.
- ഇതിനു ശേഷം വാഴയ്ക്ക് ചുറ്റും മണ്ണ് കയറ്റി കൊടുക്കാവുന്നതാണ്.
- കേടു വന്ന ഇലകൾ മുറിച്ചുമാറ്റേണ്ടതാണ്. 13:0:45 എന്ന വളം 5 ഗ്രാം ഒരു ലിറ്റർ എന്ന തോതിൽ പശ ചേർത്ത് ഇലകളിൽ സ്പ്രേ ചെയ്തു കൊടുക്കണം. രണ്ടാഴ്ചക്കു ശേഷം ജൈവ വളങ്ങൾ നൽകണം.
- ഇലപുള്ളി രോഗം, പനാമ വാട്ടം, മാണം അഴുകൽ മുതലായവ ഉണ്ടാകാൻ സാധ്യതയുണ്ട്.
- ഇലപുള്ളി രോഗത്തിന് 0.4 ശതമാനം വീര്യത്തിൽ മാങ്കോസെബ് എന്ന കുമിൾനാശിനി പശ ചേർത്ത് തളിച്ചു കൊടുക്കാവുന്നതാണ്. 0.1 ശതമാനം വീര്യത്തിൽ പ്രൊപ്പികൊനാസോൾ എന്ന കുമിൾ നാശിനി രോഗം വർധിച്ചു വരുന്ന സാഹചര്യം ഉണ്ടെങ്കിൽ തളിച്ചു കൊടുക്കണം.
- പനാമ വാട്ടം വന്ന വാഴകൾക്ക് 0.2% വീര്യത്തിൽ കാർബെൻഡാസിം അല്ലെങ്കിൽ 0.1 ശതമാനം വീര്യത്തിൽ പ്രൊപ്പികൊനാസോൾ കുമിൾ നാശിനി കട ഭാഗത്ത് ഒഴിച്ചു കൊടുക്കണം. മാണം അഴുകൽ കാണപ്പെടുന്ന സ്ഥലങ്ങളിൽ 5 ഗ്രാം ബ്ലീച്ചിംഗ് പൗഡർ ഒരു ലിറ്റർ വെള്ളത്തിൽ അലിയിച്ച് ഒഴിച്ചു കൊടുക്കാവുന്നതാണ്.

## കമുക്

- പ്രധാനമായും മഹാളി രോഗമാണ് കാണാൻ സാധ്യത. ബോർഡോ മിശ്രിതം 1 ശതമാനം വീര്യത്തിൽ തളിച്ച് കൊടുക്കുന്നത് രോഗത്തെ നിയന്ത്രിക്കാൻ ഫലപ്രദമാണ്.

## ഏലം



- ആവശ്യത്തിൽ കൂടുതൽ തണൽ ഉണ്ടെങ്കിൽ അത് നിയന്ത്രിച്ചു കൊടുക്കുന്നത് അഴുകൽ രോഗത്തെ തടയാൻ ഫലപ്രദമാണ്. രോഗം ബാധിച്ച ചെടികളിൽ 0.2 ശതമാനം വീര്യത്തിൽ കോപ്പർ ഹൈഡ്രോക്സൈഡ് തളിച്ചു കൊടുക്കുകയും കട ഭാഗത്ത് ഒഴിച്ച് കൊടുക്കുകയും ചെയ്യണം.

## പച്ചക്കറി



- ഒച്ച് വർഗ്ഗത്തിൽ പെട്ട കീടങ്ങൾ ഈർപ്പം കൂടുന്ന മുറക്ക് അപകടകാരികൾ ആയി മാറാൻ സാധ്യതയുണ്ട്. ഇവയെ നനഞ്ഞ ചണചാക്ക് ഉപയോഗിച്ച് രാത്രി കാലങ്ങളിൽ ആകർഷിച്ചു പിടിച്ചു ഉപ്പു ലായനിയിൽ ഇട്ടു നശിപ്പിച്ചു കളയാം.
- വെള്ളരി വർഗ പച്ചക്കറികളിൽ ഇലപ്പുള്ളിയും തുടർന്ന് ഇല കരിച്ചിലും ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാൻ സൈമോക്സിൽ + മാങ്കോസെബ് (0.3%) തളിച്ച് കൊടുക്കണം.
- 0.3% ശതമാനം വീര്യത്തിൽ മാങ്കോസെബ് എന്ന കുമിൾ നാശിനി തളിച്ച് കൊടുത്താൽ വഴുതനയുടെ

കായ്ചീയൽ, വെണ്ടയുടെ ഇലപുള്ളി രോഗം എന്നിവയെ നിയന്ത്രിക്കാം.

- പയറിന്റെ കടചീയൽ, ഇലപുള്ളി രോഗം എന്നിവയെയും നിയന്ത്രിക്കുന്നതിനായി മാങ്കോസെബ്+ കാർബെൻഡാസിം (0.2%) തളിച്ച് കൊടുക്കണം.

## മണ്ണിന്റെ ആരോഗ്യപരിപാലനം പ്രധാനം

പ്രളയാനന്തരം പൊതുവെ മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായും ജൈവാംശം കുറഞ്ഞതായും കാണപ്പെടുന്നു. മേൽമണ്ണ്, ഒലിച്ചുപോയ മലയോര പ്രദേശങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും ജൈവാംശവും ഒപ്പം മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ എന്നിവയും നഷ്ടപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ അമ്ലത്വം കൂടിയതായും കാണുന്നുണ്ട്. ഇവിടെ സെന്റിന് 2.5 കിലോ എന്ന നിരക്കിൽ കുമ്മായമോ ഡോളമൈറ്റോ ചേർക്കേണ്ടതാണ്. അതിനുശേഷം ധാരാളമായി ജൈവവളങ്ങൾ (കമ്പോസ്റ്റ് രൂപത്തിലുള്ളവ) മണ്ണിൽ ചേർത്ത് കൊടുക്കണം.

സമതല പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞു കൂടിയിട്ടുണ്ട്. എക്കൽ പൊതുവെ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണെങ്കിലും പൊട്ടാസ്യം, കാൽസ്യം, ബോറോൺ എന്നിവയുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലാണ്. എക്കലിനെ നല്ല ഘടനയുള്ള മണ്ണാക്കി മാറ്റുന്നതിന് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കാൽസ്യം, മഗ്നീഷ്യം എന്നിവ അടങ്ങിയ കുമ്മായം, ഡോളോമൈറ്റ്, ജിപ്സം തുടങ്ങിയവ ചേർത്തു കൊടുക്കുന്നത് നന്നായിരിക്കും. മണൽ അടിഞ്ഞു കൂടിയ പ്രദേശങ്ങളിൽ ആ മണലും ഈ എക്കലിന്റെ കൂടെ കൂട്ടി ചേർക്കുന്നത് അഭികാമ്യമാണ്.

പ്രളയം അതിജീവിച്ച വിളകളിൽ പത്രപോഷണം വഴി ആരോഗ്യം വേഗത്തിൽ മെച്ചപ്പെടുത്താനാകും. പ്രളയത്തെ അതിജീവിച്ച ദീർഘകാല വിളകളിൽ മൂലകങ്ങളുടെ അഭാവം ഉടനെ പരിഹരിക്കുന്നതിനായി 19 :19 :19 മിശ്രിതം (3ഗ്രാം), സോലുബോർ (1ഗ്രാം) എന്നിവ ഒരുലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഇലകളിൽ തളിച്ചു കൊടുക്കാവുന്നതാണ്. മഗ്നീഷ്യത്തിന്റെ അഭാവം കൂടുതൽ പ്രദേശങ്ങളിൽ കാണുന്നതുകൊണ്ടു മഗ്നീഷ്യം സൾഫേറ്റ് ശുപാർശ പ്രകാരം നൽകേണ്ടതുണ്ട്. നെല്ല്, വാഴ, പച്ചക്കറികൾ എന്നീ വിളകൾക്കായി കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത 'സമ്പൂർണ' എന്ന സൂക്ഷ്മ മൂലകമിശ്രിതം പത്രപോഷണത്തിന് ഏറ്റവും അനുയോജ്യമാണ്.

കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണിന്റെ തോതിൽ വളരെയേറെ വ്യത്യാസം കാണുന്നുണ്ട്. ഇപ്പോൾ കിട്ടിയിരിക്കുന്ന പരിശോധനാഫലം അനുസരിച്ച് അമ്ലതയും ലവണാംശവും നെൽകൃഷിയ്ക്ക് യോജിച്ച അളവിൽ തന്നെയാണ് (യഥാക്രമം 5-6.0; 0.1-0.2ds/m). ജൈവിക കാർബൺ കൂടിയ നിലയിലാണെങ്കിലും ചെടിയ്ക്ക് വലിച്ചെടുക്കാവുന്ന രീതിയിൽ നൈട്രജൻ രൂപത്തിൽ ആയിത്തീരുന്നതിനു കാലതാമസം നേരിടും. ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ മൂലകങ്ങൾ മണ്ണിൽ ആവശ്യമായ അളവിലില്ല. ദ്വിതീയ മൂലകങ്ങളായ കാൽസ്യം, സൾഫർ എന്നിവയുടെ അളവ് വളരെ കൂടുതലാണ്. എന്നാൽ മഗ്നീഷ്യത്തിന്റെ അളവ് അപര്യാപ്തമായി തുടരുന്നു. ഇപ്പോൾ കാണുന്ന അളവിൽ നിന്നും മൂലകങ്ങളുടെ ലഭ്യതയിൽ കാര്യമായ വ്യത്യാസം സംഭവിയ്ക്കാൻ സാധ്യതയേറെയാണ്. അതുകൊണ്ട് വിതയ്ക്കുന്നതിനു മുമ്പായി ഓരോ പാടശേഖരത്തിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്.

കോൾ നിലങ്ങളിലെ അമ്ലത്വം നേരിയ തോതിൽ ഉയർന്നിട്ടുണ്ട്. ലവണാംശം അനുവദനീയമായ അളവിലാണ് ഉള്ളത്. ജൈവ കാർബണിന്റെ അളവ് ശരാശരിയിലും, ഫോസ്ഫറസിന്റെ അളവ് ഉയർന്നും നിൽക്കുന്നു. പൊട്ടാസ്യത്തിന്റെ അളവ് കുറഞ്ഞ് ഹെക്ടറിൽ 13 മുതൽ 25 കിലോഗ്രാം എന്ന തോതിലായി. മണ്ണ് പരിശോധന ഫലങ്ങളിലെ ജൈവ കാർബണിന്റെയും, ഫോസ്ഫറസിന്റെയും അളവ് സൂചിപ്പിക്കുന്നത് കോൾപ്പടവിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണിന്റെ ഫലഭൂയിഷ്ഠതയിൽ വ്യത്യാസം വരുത്തിയിട്ടില്ല എന്നാണ്. എന്നാൽ മണ്ണൊലിപ്പ് മൂലം പൊട്ടാസ്യം പോലുള്ള അവശ്യ മൂലകങ്ങൾ നഷ്ടപ്പെട്ടതായും കാണുന്നു.

## മൃഗസംരക്ഷണ മേഖലയിലും കരുതൽ

മൃഗസംരക്ഷണ മേഖലയിൽ പ്രളയശേഷം രക്ഷപ്പെട്ട മൃഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനാണ് മുഖ്യപരിഗണന നൽകേണ്ടത്. ശ്വാസകോശ രോഗങ്ങൾ, അകിടുവീക്കം, വയറിളക്ക രോഗങ്ങൾ, തുടങ്ങിയവയ്ക്ക് സാധ്യത വളരെ കൂടുതലാണ്. നനവാർന്ന തീറ്റ, വൈയ്ക്കോൽ എന്നിവ മൂലം പൂപ്പൽ വിഷബാധ വരാനുള്ള സാഹചര്യം ഉണ്ട്. നനവില്ലാത്ത കാലിത്തീറ്റ, വൈയ്ക്കോൽ, ധാതുലവണ മിശ്രിതങ്ങൾ എന്നിവ ആവശ്യത്തിന് നൽകുകയാണ് വേണ്ടത്. പാൽ കറക്കാൻ കഴിയാത്തതുമൂലം കറവപശുക്കളിൽ അകിടുരോഗം ഉണ്ടായാൽ കൃത്യമായ ചികിത്സ ആവശ്യമാണ്. തണുപ്പും ഈർപ്പവും നിറഞ്ഞ കാലാവസ്ഥയിൽ ന്യുമോണിയ വരാനുള്ള സാധ്യത കൂടുതലാണ്. കുരളടപ്പൻ വരാതെയിരിക്കാനുള്ള പ്രതിരോധ കുത്തിവെയ്പ് ഈ സാഹചര്യത്തിൽ അനിവാര്യമാണ്. അതുപോലെത്തന്നെ വിരബാധയ്ക്കെതിരെയും ബാഹ്യപരാദങ്ങളെ നിയന്ത്രിക്കുന്നതിനുമുള്ള മരുന്നുകൾ ഈ സമയത്ത് ആവശ്യമാണ്.



മലിനമായ കുടിവെള്ളത്തിൽ നിന്നുമാണ് വയറിളക്കരോഗങ്ങൾ ഈ അവസരത്തിൽ ഉണ്ടാവുക. കിണറുകൾ ശുചിയാക്കി ക്ലോറിനേഷൻ നടത്തുകയാണ് ഇതിന് ശാശ്വതമായ പരിഹാരം. തൊഴുത്തുകൾ തകർന്നതുമൂലം കന്നുകാലികളെ സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യം പലയിടത്തുമുണ്ട്. സിൽപോളിൻ ഷീറ്റുപയോഗിച്ച് താല്ക്കാലിക സൗകര്യം ഏർപ്പെടുത്തുകയാണ് ഇതിനു വേണ്ടി അടിയന്തിരമായി ചെയ്യുവാൻ കഴിയുക. വെയിലും മഴയുമേൽക്കാതെ വൃത്തിയായ ഒരു ചുറ്റുപാടിൽ ഉരുക്കളെ വളർത്താനുള്ള ഒരു ക്രമീകരണമാണ് ഇപ്പോൾ വേണ്ടത്. അണുബാധ നിയന്ത്രിക്കാനായി കാരമുപയോഗിച്ച് തൊഴുത്ത് കഴുകി വൃത്തിയാക്കേണ്ടതും പരിസരത്ത് ബ്ലീച്ചിംഗ് പൗഡർ വിതറേണ്ടതും ആവശ്യമാണ്. പ്രളയ സമയത്ത് കന്നുകാലികൾക്കുണ്ടായ അപകടങ്ങൾ, മുറിവുകൾ, മറ്റു ക്ഷതങ്ങൾ എന്നിവയ്ക്ക് വേണ്ട ചികിത്സ മൃഗാശുപത്രികളിൽ നിന്നും ലഭിക്കുന്നതാണ്. നിലവിലുള്ള കന്നുകാലികൾക്ക് ശാസ്ത്രീയമായ പരിചരണം ഈ സാഹചര്യത്തിൽ ലഭ്യമായാൽ മാത്രമേ അവയുടെ ഉത്പാദന ശേഷി വീണ്ടെടുക്കാനാകൂ. ആയതിനാൽ അവയ്ക്ക് തീറ്റയോടൊപ്പം, ധാതുലവണ മിശ്രിതങ്ങൾ, ലിവർടോണിക്, പ്രോബയോട്ടിക്കുകൾ എന്നിവ നൽകുന്നത് നല്ലതാണ്.

## ലോണുകൾക്ക് മോറട്ടോറിയവും പുന:ക്രമീകരണ സംവിധാനവും

കൃഷി, മൃഗസംരക്ഷണ മേഖലയിലെ ബാങ്ക് വായ്പകൾ പുന:ക്രമീകരണത്തിന് കർഷകർക്ക് അവകാശമുണ്ട്. കാർഷികോത്പന്നങ്ങൾക്ക് മോറട്ടോറിയം നിലവിൽ വന്നു.

## പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

കേന്ദ്ര സംസ്ഥാന പദ്ധതികളിലായി പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകും. പ്രീമിയത്തിന്റെ 50% പദ്ധതി സഹായത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ കർഷകർക്ക് അപകട പരിരക്ഷയും നൽകും.

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ മേഖലയിലെ ഗുണഭോക്താക്കൾക്ക് ആടുവളർത്തൽ, പശുവളർത്തൽ, തീറ്റപ്പുൽ കൃഷി, താറാവ് വളർത്തൽ എന്നിവയ്ക്ക് വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. 90 ശതമാനം വരെ സബ്സിഡിയുള്ള പദ്ധതികളാണ് മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്നത്.

## പന്നി വളർത്തൽ പദ്ധതികൾ

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ 3+1 പന്നി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 500 ഗുണഭോക്താക്കൾക്ക് പദ്ധതി സഹായം ലഭിക്കും. ഒരു ഗുണഭോക്താവിന് 18900/- രൂപയുടെ സഹായമാണ് ലഭിക്കുക. 90% സബ്സിഡിയാണ് ലഭിക്കുന്നത്. ഇത് കൂടാതെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഒരു ഗുണഭോക്താവിന് 50000 രൂപ സഹായം നൽകുന്ന 10 പന്നികളടങ്ങുന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ സഹായം നൽകും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 100 യൂണിറ്റുകൾ നടപ്പിലാക്കും.

## തീറ്റപുൽകൃഷി പദ്ധതി

പ്രളയക്കെടുതിയിൽ ധാരാളം പുൽകൃഷി നഷ്ടമായിട്ടുണ്ട്. ഇതിന് പരിഹാരമായി സംസ്ഥാന മൊട്ടാകെ 433 ഹെക്ടറിൽ പുൽകൃഷി നടത്താൻ സഹായം നൽകും. ഹെക്ടറൊന്നിന് 30000 രൂപയാണ് കൃഷി ചെലവിനത്തിൽ കർഷകന് സഹായമായി ലഭിക്കുക.

## താറാവ് വളർത്തൽ പദ്ധതി

സംസ്ഥാനത്തെ താറാവ് വളർത്തൽ മേഖലകളിൽ 4000 താറാവ് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു ഗുണഭോക്താവിന് 2 മാസം പ്രായമുള്ള 10 താറാവ് കുഞ്ഞുങ്ങൾ ഈ പദ്ധതി വഴി വിതരണം ചെയ്യും.



## ആറാട്ടുപുഴ ബണ്ട് പുനർനിർമ്മാണം കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ പൂർത്തിയായി

ആറാട്ടുപുഴയിൽ പൊട്ടിയ ബണ്ട് പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ തന്നെ പൂർത്തിയായി. ശ്രീ. വി.എസ്.സുനിൽകുമാറും തൃശ്ശൂർ റേഞ്ച് ഐ.ജി ശ്രീ. അജിത്കുമാറും മുന്നിൽ നിന്ന് വിദഗ്ധ തൊഴിലാളികൾക്കൊപ്പം മണൽ ചാക്ക് ചുമന്ന് സഹായികളുമായി. നാട്ടുകാർ ഒപ്പം ചേർന്ന് ഞായർ, തിങ്കൾ ദിവസങ്ങളിലായി ദ്രുതഗതിയിൽ ആണ് പണികൾ നടത്തിയത്. മണൽചാക്ക്, കവുങ്ങ്, മുള, കല്ല് എന്നിവ ഉപയോഗിച്ചായിരുന്നു ബണ്ട് നിർമ്മാണം.



## കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു

സംസ്ഥാനത്ത് കാർഷികമേഖലയിലുണ്ടായിട്ടുള്ള കനത്ത നഷ്ടം പരിഗണിച്ച് കാർഷിക കടങ്ങൾക്ക് മേലുള്ള പലിശയ്ക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിച്ചതായും കാർഷിക കടങ്ങളുടെ തിരിച്ചടവ് 5 വർഷത്തേക്ക് പുനഃക്രമീകരിക്കുകയും ചെയ്തിട്ടുള്ളതായി കൃഷിമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ അറിയിച്ചു. ഇന്ന് നടന്ന സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിലാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. കാർഷിക കടങ്ങൾക്ക് സർഫേസിയ ആക്ട് പ്രകാരം ജപ്തി നടപടികൾ സ്വീകരിക്കുകയില്ലെന്നും അധികൃതർ ഉറപ്പുനൽകുകയുണ്ടായി. 2.8 ലക്ഷം കർഷകരുടെ 46000 ഹെക്ടർ കൃഷിയും 1050 കോടിയുടെ നാശനഷ്ടവുമാണ് പ്രാഥമിക വിവരശേഖരണത്തിൽ ഇതുവരെ ലഭ്യമായിട്ടുള്ളത്.

## പൊതുജന ശ്രദ്ധയ്ക്ക്

കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ പന്തളം കടയ്ക്കാട്ട് 1963 മുതൽ പ്രവർത്തിച്ചുവരുന്ന കരിമ്പ് വിത്തുല്പാദന കേന്ദ്രം പൊതുജനങ്ങൾക്കിടയിലും, മറ്റു വകുപ്പുകളിലും പന്തളം ഫാം എന്ന പേരിലാണറിയപ്പെട്ടു വരുന്നത്. കരിമ്പ് വിത്തുത്പാദന കേന്ദ്രത്തിന്റെ ഇ-മെയിൽ വിലാസവും പന്തളംഫാംജിമെയിൽ.കോം (pandalamfarm@gmail.com) എന്നാണ്. അടുത്തിടെ പന്തളം ഫാമിലെ എന്ന വിശേഷണവുമായി ഒരു സ്വകാര്യ ഡയറി പാലും, പാലുത്പന്നങ്ങളും വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കേരള കാർഷിക വികസന കർഷകക്ഷേമവകുപ്പോ, കരിമ്പ് വിത്തുത്പാദന കേന്ദ്രമോ (പന്തളം ഫാം), ഇത്തരത്തിൽ പാലും, പാലുത്പന്നങ്ങളും ഇപ്പോൾ വിപണനം നടത്തുന്നില്ലെന്നും, ഇത്തരം വിപണനത്തിന് കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പിനോ, കരിമ്പ് വിത്തുത്പാദന കേന്ദ്രത്തിനോ (പന്തളം ഫാം), യാതൊരു ഉത്തരവാദിത്വമില്ലെന്നും എല്ലാ ഉപഭോക്താക്കളെയും അറിയിക്കുന്നു.

ചീഫ് എഡിറ്റർ - ലാലി
എഡിറ്റർ - ബി.കെ. അനിൽ
അസോസിയേറ്റ് എഡിറ്റർ - ഡോ. ടി.വി. രാജേന്ദ്രലാൽ
അസി. എഡിറ്റർ - വിഷ്ണു എസ്.പി.
ഫോട്ടോ - അരുൺ
ഡി.റ്റി.പി. & ലേ ഔട്ട് - ദീപക് മൗത്താട്ടിൽ

ഫോൺ : 0471 2317314, 2314358, 2318186, e-mail : fibtvm@gmail.com , mediadivisionfib@gmail.com

Published by Lali , Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala; Editor: B.K. Anil.